**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1131** **02-02-2026 - ൽ മറുപടിയ്ക്ക്**

**കൊച്ചി നഗരത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ജല ശുദ്ധീകരണ ശാല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചിൻ കോർപ്പറേഷനും സമീപ പ്രദേശങ്ങളിലെ 5 മുനിസിപ്പാലിറ്റികളും 13 പഞ്ചായത്തുകളും ഉൾപ്പെടുന്ന വിശാല കൊച്ചി മേഖലയിൽ നേരിട്ടുകൊണ്ടിരിക്കുന്ന അതീവ ഗുരുതരമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഒരു പുതിയ ജല സ്രോതസ്സായി ആലുവയിൽ നിലവിലുള്ള ജലശുദ്ധീകരണ ശാലയുടെ സമീപം കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിൽ ഉള്ള 1.57 ഹെക്ടർ സ്ഥലത്ത് 190 MLD ശുദ്ധീകരണ ശേഷിയുള്ള ഒരു ജല ശുദ്ധീകരണശാല സ്ഥാപിക്കുന്ന നടപടിക്രമങ്ങൾ എവിടെ വരെയായി എന്നറിയിക്കാമോ; വിശദാംശങ്ങൾ നൽകാമോ? | (എ) | അതിവേഗം വികസിച്ചു കൊണ്ടിരിക്കുന്ന കൊച്ചി കോർപ്പറേഷനും സമീപ പ്രദേശങ്ങൾക്കും ആവശ്യമായ തോതിൽ ഗാർഹിക വാണിജ്യ ആവശ്യങ്ങൾക്കുള്ള ജലം നിലവിൽ അപര്യാപ്തമാണ്. 2050 വരെയുള്ള ഉപഭോഗ ഡിമാന്റ് മുൻകൂട്ടി കണക്കാക്കിയാണ് ആലുവയിൽ നിർദ്ദിഷ്ട 190 എം.എൽ.ഡി പ്ലാൻറ് നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.<br><br>ടി പദ്ധതിക്കായി ഏഷ്യൻ ഡെവലപ്മെൻറ് ബാങ്കിന്റെ(എഡിബി) സഹായത്തോടെയുള്ള 'കേരള അർബൻ വാട്ടർ സർവ്വീസസ് ഇമ്പ്രൂവ്മെന്റ് പ്രോജക്ടിൽ' ഉൾപ്പെടുത്തി, ഘടകങ്ങൾ തമ്മിലുള്ള തുക ക്രമീകരിച്ചുകൊണ്ട് പദ്ധതിക്ക് നൽകിയിട്ടുള്ള ആകെ ഭരണാനുമതി തുകയിൽ മാറ്റം വരുത്താതെ (07/02/2020 ലെ G.O. (Ms) No. 13/2020/WRD പ്രകാരമുള്ള 2511 കോടി രൂപ) ആലുവയിൽ 190 എം.എൽ.ഡി ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി പ്രത്യേകം നൽകുമെന്ന വ്യവസ്ഥയിൽ പുതുക്കിയ ഘടകങ്ങളുടെ സ്റ്റേറ്റ്മെൻറ് 17-05-2025 തീയതിലെ GO (Ms) No. 38/2025/WRD പ്രകാരം സർക്കാർ അംഗീകരിച്ചു.<br><br>കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച ആലുവയിലെ 190 എം.എൽ.ഡി ജലശുദ്ധീകരണ ശാലയുടെയും അനുബന്ധ പ്രവർത്തനങ്ങളുടെയും നിർമ്മാണത്തിനായുള്ള 523 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഭരണാനുമതി നൽകുന്നതിലേക്കായി സർക്കാർ പരിശോധിച്ച് വരുന്നു. ഭരണാനുമതി നൽകുന്ന മുറയ്ക്ക് കേരള വാട്ടർ അതോറിറ്റി എത്രയും വേഗം സാങ്കേതികാനുമതി നൽകുകയും, ദർഘാസ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് |

| | | | |
|---|---|---|---|
| | | | പ്രവർത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമാണ്.<br><br>പുതിയ ജലശുദ്ധീകരണശാല നിലവിൽ വരുമ്പോൾ ആലുവ, ഏലൂർ, തൃക്കാക്കര, കളമശ്ശേരി, മരട് മുനിസിപ്പാലിറ്റികൾക്കും, കീഴ്മാട്, എടത്തല, ചൂർണിക്കര, ഞാറയ്ക്കൽ, എളംകുന്നപ്പുഴ, മുളവുകാട്, നായരമ്പലം, വരാപ്പുഴ, ചേരാനെല്ലൂർ, കുമ്പളം, ചെല്ലാനം, കുമ്പളങ്ങി, കടമക്കുടി എന്നീ ഗ്രാമപഞ്ചായത്തുകൾക്കും കൊച്ചി കോർപ്പറേഷനും പ്രയോജനപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ